# തൂലിക

Newsletter of
Jesus Youth
*Dubai*

Issue 535
24 August 2018
www.thoolikaa.net



**കോരിച്ചൊരിയുന്ന സങ്കടമഴയിലും**
**ആശ്വാസത്തിന്റെ കുഞ്ഞു നക്ഷത്രങ്ങൾ**
**കണ്ണുചിമ്മിയ നിമിഷങ്ങൾ...** (പേജ് 4)

കർത്താവ് അരുളിച്ചെയ്യുന്നു: കരച്ചിൽ നിർത്തി കണ്ണീർ തുടയ്ക്കൂ.
നിൻെറ യാതനകൾക്കു പ്രതിഫലം ലഭിക്കും;

ജറെമിയാ 31:16

ലക്കം 535
2018 ആഗസ്റ്റ് 24

# തൂലിക

ജീസസ് യൂത്ത് ദുബായിയുടെ വാരാന്ത്യ പതിപ്പ്

http://thoolikaa.net

**ഉള്ളടക്കം**


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| കാർട്ടൂൺ | 05 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| നുറുങ്ങു ചിന്ത | 07 |
| യൂകാറ്റ് കോർണർ | 08 |
| ഹൃദ്യസ്ഥമാക്കാൻ ഒരു വചനം | 08 |
| വാർത്ത | 10 |
| അറിയിപ്പുകൾ | 11 |




## സോണൽ കൂട്ടായ്മകൾ

| | |
|---|---|
| കരാമ | നിഷ 056 4897592 |
| | ശനി 8:30 pm 9:30 pm |
| ബർദുബായ് | റോബിൻ 050 9528192 |
| | ശനി 8:30 pm 9:45 pm |
| ലുലുവില്ലേജ് | ആൻസി 052 7539188 |
| | ഞായർ 8:30 pm 10:00 pm |
| അൽനാഹ്ദ | ജോസഫ് ജോൺ 050 5642090 |
| | ബുധൻ 8:15 pm 10:00 pm |
| അൽഖിസൈസ് | ജസ്റ്റിൻ 055 799 5582 |
| | ശനി 8:30 pm 10:00 pm |
| സോനാപൂർ | ഫ്രാൻസിസ് 055 2631672 |
| | ബുധൻ 8:30 pm 10:00 pm |
| അൽഖൂസ് | ഡയസ് 050 9197658 |
| | ബുധൻ 8:15 pm 9:30 pm |
| റാഷിദിയ | ലിജോ കുരുവിള 050 9414120 |
| | തിങ്കൾ 8:30 pm 09:30 pm |

| | |
|---|---|
| മുത്തീന | ഷാഫി 055 2857170 |
| | ബുധൻ 8:00 pm 9:30 pm |
| അൽബറാഹ | ക്രിസ്റ്റി 055 4741102 |
| | ഞായർ 8:30 pm 9:45 pm |
| സത്വ | തോമസ് 050 8761385 |
| | ഞായർ 8:15 pm 9:30 pm |
| ഹോർ അൽ ആൻസ് | |
| | ബിനീഷ് 055 7484850 |
| | ശനി 8:15 pm 9:45 pm |
| ഇന്റർനാഷ്ണൽ സിറ്റി | ഷോൺ 055 7135314 |
| | ചൊവ്വ 8:30 pm 10:00 pm |
| സിലികോൺ ഒയാസിസ് | ജോർമ്മി 052 9783044 |
| | വ്യാഴം 10:00 pm 11:00 pm |

### മൊഴിമുത്തുകൾ

" സഭ ചുളിവുകളും ചാലുകളുമുള്ള ഒരു വൃദ്ധയാണ്.
എന്നാലും അവൾ എന്റെ അമ്മയാണ്. എന്റെ അമ്മയെ ഒരുത്തനും തല്ലുകയില്ല. "
ദൈവ ശാസ്ത്രജ്ഞനായ ഫാ.കാൾ റാനർ എസ്.ജെ. (1904-1984)

# മാനുഷ്യരെല്ലാരുമൊന്നുപോലെ....

സമീപ കാലത്തൊന്നും കേരളം ഇത്ര വലിയ പ്രളയത്തെ അഭിമുഖീകരിച്ചിട്ടില്ല. അത്രയ്ക്കും ഭീകരമായിരുന്നു നാം നേരിട്ട ദുരന്തം. ഒരിക്കലും എനിക്കൊന്നും ഒന്നും സംഭവിക്കില്ല എന്ന നമ്മുടെ ഓരോരുത്തരുടേയും ഉറച്ച വിശ്വാസത്തിന്മേൽ ജലപ്രളയം ആർത്തിരമ്പി. ഒരു ജന്മം കൊണ്ട് സമ്പാദിച്ചതെല്ലാം ഒരു നിമിഷം കൊണ്ട് നഷ്ടപ്പെട്ടു, പലരും ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടി, ഒട്ടേറെപ്പേരുടെ ജീവൻ നമുക്ക് നഷ്ടമായി. മലയാളികളായ നമ്മുടെ എല്ലാവരുടേയും ജീവിതത്തിൽ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രളയം ബാധിച്ചു എന്നതാണ് വസ്തുത.

ഈ പ്രളയം ലോകത്തെ ഒരുപാട് കാര്യങ്ങൾ പഠിപ്പിച്ചു. ഐക്യഖണ്ഡേന ലോകത്തിന്റെ നാനാഭാഗത്തുള്ള മലയാളികൾ എല്ലാവരും ഒരേ മനസ്സോടെ പ്രവർത്തിച്ചത് ഈ ഭൂമുഖത്തുള്ള എല്ലാ മനുഷ്യരുടേയും അത്ഭുതത്തിന് ഇടയാക്കി. എല്ലാവരും ഒന്നിച്ച് കേരളത്തെ വീണ്ടെടുക്കാനുള്ള ശ്രമം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. നമ്മുടെ ഈ കൂട്ടായ്മ ലോകത്തിനു തന്നെ മാതൃകയാണ്. ലോക രാജ്യങ്ങൾക്ക് മലയാളി എത്ര പ്രിയപ്പെട്ടവനാണ് എന്ന് തെളിയിക്കുന്നതു കൂടിയായി ഈ നാളുകൾ. ഫ്രാൻസിസ് മാർപാപ്പയും, യു.എ.ഇ ഭരണാധികാരികളും ഉൾപ്പെടെ എല്ലാ ലോകനേതാക്കളും നമ്മുടെ ദുഖത്തിൽ പങ്കുചേർന്നു.

ഈ ജലപ്രളയം നമ്മിൽ നിന്നും പൊളിച്ചു കളഞ്ഞ ജാതിമത വർഗ്ഗവർണ്ണ വിവേചനത്തിന്റെ മതിൽകെട്ടുകൾ നമുക്ക് ഇനി പണിതുയർത്താതിരിക്കാം. എല്ലാവരേയും സ്വന്തം സഹോദരനും സഹോദരിയും ആയി കണ്ട് ഇപ്പോൾ പ്രവർത്തിച്ച അതേ ഐക്യത്തോടെ മുന്നോട്ടു പോകുവാനുള്ള വലിയ കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. പ്രളയദുരന്തത്തിൽ കഷ്ടപ്പെടുന്ന എല്ലാവരേയും തിരുഹൃദയ നാഥന്റെ മുൻപിൽ നമുക്ക് സമർപ്പിക്കാം. അവിടുന്ന് അറിയാതെ ഒന്നും സംഭവിക്കുന്നില്ല. അതിജീവനത്തിനായി പൊരുതുന്ന നമ്മുടെ നാടിനെ അവിടുന്ന് കാത്തുകൊള്ളും. എല്ലാം നഷ്ടപ്പെട്ടിരിക്കുന്നവരിലേയ്ക്ക് നമുക്കായി സർവ്വതും, സ്വജീവൻ തന്നെയും ത്യജിച്ചവന്റെ പ്രത്യാശ നിറയുവാൻ നമുക്ക് പ്രാർത്ഥിക്കാം...

ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ...

സ്നേഹപൂർവ്വം
ജോബിൻ അഗസ്റ്റിൻ
എഡിറ്റർ.



# പ്രളയത്തിലും അണമുറിയാത്ത സ്നേഹപ്രവാഹം

ഒരുപാട് തിരിച്ചറിവുകൾ സമ്മാനിച്ച്കൊണ്ട് ഒരു പ്രളയകാലം കടന്നുപോകുന്നു. ആരും ആരേക്കാളും ചെറുതല്ല എന്ന വലിയ സത്യം ഉള്ളിൽ ആഴപ്പെടുത്തി, മാറ്റി നിർത്തിയവർ ജീവന്റെ കാവലാളായി മാറിയ അതുല്യനിമിഷങ്ങൾ ഉള്ളിൽ രേഖപ്പെടുത്തി അത് കടന്നുപോയി. കെട്ടിപ്പൊക്കിയ മഹാസൗധങ്ങൾക്കും സ്വരുക്കൂട്ടിവച്ച പണത്തിനും മേലെ മറ്റുപലതും ഉണ്ടെന്നുള്ള വലിയ ബോധ്യം നമ്മുടെയൊക്കെ ഉള്ളിൽ ഉറപ്പിക്കുവാൻ ഒരു ജലപ്രളയം വേണ്ടിവന്നു. സമൂഹമാധ്യമങ്ങളിൽ ജാതിമത രാഷ്ട്രീയത്തിന്റെ പേരിൽ തമ്മിൽ തല്ലിയിരുന്നവർ ഒരു വേർതിരിവും ഇല്ലാതെ  അന്യന്റെ വിശപ്പടക്കുവാൻ നെട്ടോട്ടമോടുന്നത് കണ്ടപ്പോൾ നന്മയുടെ ഉറവവറ്റാത്ത  ഹൃദയങ്ങളെ നാം ഒരിക്കൽ കൂടി കണ്ടുമുട്ടി. പരസ്നേഹത്തിന്റെ പുത്തൻമാതൃകകൾ രൂപപ്പെടുന്നത് കണ്ട് ഉള്ള് നിറയുമ്പോൾ നാമറിയാതെതന്നെ നമ്മുടെയൊക്കെ ഹൃദയത്തിൽ ഒരു നന്ദിയുയരുന്നില്ലേ സർവ്വശക്തന്റെ സന്നിധിയിലേക്ക്.

ജീവിതത്തിന്റെ തിരക്കുകൾക്കിടയിലും സ്വാർത്ഥതകളിലും പെട്ട് തന്നിലേക്ക് തന്നെ ചുരുങ്ങിക്കൊണ്ടുള്ള ഒരു പ്രയാണമായിരുന്നു ഇതുവരെ. എന്നാൽ ഏതു ക്രൂരമനസ്സിന്റെ ഉള്ളിലും നന്മയുടെ തിരിനാളം മറഞ്ഞിരിക്കുന്നുണ്ട് എന്ന് ഇന്ന് നാം മനസിലാക്കുന്നു. കാലവർഷം സമ്മാനിച്ച കണ്ണീർമഴയിൽ അപരന്റെ നെഞ്ചകം പൊള്ളുമ്പോൾ തനിക്ക് എന്തുചെയ്യാൻ കഴിയും എന്നുമാത്രമുള്ള ചിന്തയിൽ ഈ നാളുകളിൽ നാം വ്യാപൃതരായി. ഒരുപാട് നാളുകളിലെ അദ്ധ്വാനം ഒരു നിമിഷം കൊണ്ട് ഒലിച്ചുപോയപ്പോഴും അന്യന്റെ കരങ്ങളിൽ മുറുകെപ്പിടിച്ച ഓരോ വ്യക്തികളിലും ആ നല്ല സമറായൻ രൂപംകൊള്ളുന്നത് നാം തിരിച്ചറിഞ്ഞു. മണിക്കൂറുകളോളം സോഷ്യൽമീഡിയയിലെ തന്റേതു മാത്രമായ ലോകത്തിൽ ചിലവഴിച്ചിരുന്നവർ വി ങ്ങുന്ന ഹൃദയവുമായി അനേകർക്ക് സഹായമെത്തിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുന്നത് കണ്ടപ്പോൾ കോരിച്ചൊരിയുന്ന സങ്കടമഴയിലും ആശ്വാസത്തിന്റെ കുഞ്ഞുനക്ഷത്രങ്ങൾ ഉള്ളിൽ കണ്ണുചിമ്മി.

അണകെട്ടി നിർത്തിയ ജലം തുറന്നുവിട്ടപ്പോൾ മനുഷ്യഹൃദയങ്ങളിൽ തടഞ്ഞുനിർത്തിയിരുന്ന സ്നേഹവും അണപൊട്ടി ഒഴുകുകയായിരുന്നു. മനസ്സിന്റെ അടിത്തട്ടിൽ വർഷങ്ങളായി അടിഞ്ഞുകൂടിയ സ്വാർത്ഥതയുടെ, ഒറ്റപ്പെടുത്തലിന്റെയൊക്കെ ചെളികഴുകിമാറ്റി കൊണ്ട് ആ ജലപ്രളയം കടന്നുപോയി. രാത്രിയെന്നോ പകലെന്നോ ഇല്ലാതെ, ദുരിതക്കയത്തിൽ വീണുപോയവർക്ക് കൈത്താങ്ങായി കടന്നുചെല്ലുമ്പോൾ ഓരോ വ്യക്തിയും പുതിയൊരു മനുഷ്യനായി രൂപാന്തരപ്പെടുകയായിരുന്നു. മരുഭൂമിയിലെ കൊടുംചൂടിലും പിറന്ന നാടിനുവേണ്ടി അനേകം രാത്രികളെ പകലാക്കിയപ്പോൾ ഓരോ പ്രവാസിയും നിർമ്മല സ്നേഹത്തിന്റെ പ്രവാചകരായിത്തീരുന്നത് നാം അനുഭവിച്ചറിഞ്ഞു.

ഇനി മുൻപോട്ടുള്ള നമ്മുടെ ജീവിതം ചില തീരുമാനങ്ങളിൽ അടിയുറപ്പിച്ചു കൊണ്ടാവണം. ഒരു തിരിച്ചുപോക്കിന്റെ കാലമാവണം ഇത്. നഷ്ടപ്പെട്ടുപോയ ജീവിതമൂല്യ

ങ്ങൾ വീണ്ടെടുക്കുവാനുള്ള തീക്ഷണമായ ആഗ്രഹം ഉള്ളിൽ ജ്വലിപ്പിക്കുവാൻ നമുക്കെല്ലാവർക്കും കഴിയണം. അപരന്റെ വേദനകളെ നെഞ്ചോടു ചേർത്തുപിടിച്ച അവന്റെ സന്തോഷങ്ങളിൽ കൂടെ ചിരിച്ച ഒരു പൈതൃകം നമുക്കെല്ലാവർക്കും ഉണ്ട്. ഇനിയങ്ങോട്ട് ആ പാരമ്പര്യം തുടർന്നുകൊണ്ടുപോകുവാൻ നമുക്ക് കഴിയട്ടെ. മലവെള്ളപ്പാച്ചിൽ സമ്മാനിച്ച വേദനയിലും അന്യന്റെ സങ്കടങ്ങളെ ദൈവസന്നിധിയിൽ ആരാധനയായി അർപ്പിച്ചതുപോലെ ഇനി മുന്നോട്ടുള്ള ഓരോ നിമിഷവും അപരനുവേണ്ടി പ്രാർത്ഥിക്കുവാനുള്ളതാകട്ടെ, പ്രവര്ദ്ധത്തിക്കാനുള്ളതാകട്ടെ.

ഒരുപക്ഷേ ഇതുമൂലം നമ്മിൽ പലർക്കും സാമ്പത്തീക നഷ്ടം സംഭവിച്ചിരിക്കാം. വിലപ്പെട്ട പലതും നഷ്ടപ്പെട്ടിരിക്കാം. എന്നാൽ അവയൊക്കെയും ദൈവസന്നിധിയിൽ നമുക്ക് സമർപ്പിക്കാം. ആ നഷ്ടങ്ങൾ ഒരുപാടുപേരുടെ വീണ്ടെടുപ്പിന് കാരണമായത് ഓർത്ത് നമുക്ക് ആശ്വസിക്കാം. ഏവരും ഒരേ മനസായി ജീവിക്കുന്ന ആ നല്ല നാളേക്കായി അത്യുന്നതന്റെ സന്നിധിയിലേക്ക് നമ്മുടെ കരങ്ങളെ ഉയർത്താം. ആ വിരിച്ച കരങ്ങളിൽ അപരന്റെ വേദനകളെ ചേർത്തുവയ്ക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

പണ്ടെങ്ങോ കേട്ട വരികൾ ഓർമ്മവരുന്നു.

**"ഒരു രാവും പുലരാതിരുന്നിട്ടില്ല**
**ഒരു മഴയും തോരാതിരുന്നിട്ടില്ല**




**ഒരു നോവു**

കാർട്ടൂൺ



## വി. ഒമ്പതാം ലൂയിസ് രാജാവ് (1205-1270)

**ഫ്രാൻ. മൂന്നാംസഭാരക്ഷാധികാരി**



1215-ഏപ്രിൽ 25-ന് പാരീസിനുസമീപത്തുള്ള പോയിസിലെ കൊട്ടാരത്തിൽ ലൂയിസ് ജാതനായി. ഭക്തയായ മാതാവ് ബ്ലാങ്കെരാജ്ഞി മകനെ രാജ്യഭരണത്തിനും സ്വർഗ്ഗരാജ്യത്തിനും യോഗ്യനായി വളർത്തി. ജ്ഞാനസ്നാനത്തെ അനുസ്മരിച്ചുകൊണ്ട് ലൂയിസ് പറഞ്ഞത് ഇപ്രകാരമാണ്: "റീംസിൽ ഞാൻ കിരീടമണിഞ്ഞു. ഭൗമികാധികാരത്തിന്റെ ചിഹ്നമായിരുന്നു അത്. പൂവാസിൽവച്ച് ജ്ഞാനസ്നാനം വഴി ഞാൻ ദൈവത്തിന്റെ ശിശുവായി. ഭൗമീക പ്രതാപത്തെ അപേക്ഷിച്ച് എത്ര നിസ്തുലമാണ് ഈ ഭാഗ്യം" ലൂയിസിന് 12 വയസ്സുള്ളപ്പോൾ പിതാവ് മരണമടഞ്ഞു. ലൂയിസിന്റെ നാമത്തിൽ അമ്മ രാജ്യഭരണം ഏറ്റെടുത്തു. ഒരിക്കൽ അമ്മ ലൂയീസിനോട് പറഞ്ഞു "ഒരമ്മയ്ക്കു കഴിവുള്ളിടത്തോളം ഞാൻ നിന്നെ സ്നേഹിക്കുന്നു. എന്നാൽ നീ ഒരു ചാവുദോഷം ചെയ്തു കാണുന്നതിനേക്കാൾ എനിക്കിഷ്ടം നീ മരിച്ച് എന്റെ പാദങ്ങളിൽ വീഴുകയാണ്."

ദൈവഭക്തിയിൽ വളരാനായി ഫ്രാൻസിസ്ക്കൻ മൂന്നാംസഭയിൽ ചേർന്നു. 19-ാം വയസ്സിൽ പ്രോവിൻസിലെ മാർഗ്ഗരറ്റിനെ ലൂയിസ് വിവാഹം ചെയ്തു. 21-ാമത്തെ വയസ്സിൽ രാജ്യഭരണം ഏറ്റെടുത്തു. ദൈവദൂഷണവും അധികപ്പലിശയും ലൂയിസ് നിയമവിരുദ്ധമാക്കി. അനുദിനം അനേകം ദരിദ്രരെ സഹായിച്ചുപോന്നു. തിരുസഭ നിർദ്ദേശിക്കുന്ന നോമ്പും ഉപവാസവും പാലിച്ചു. തന്റെ 11 മക്കളെയും ശ്രദ്ധാപൂർവ്വം ദൈവസ്നേഹത്തിൽ വളർത്തി. മകനായ ഫിലിപ്പിന് കൊടുത്ത ഉപദേശത്തിൽ ഇപ്രകാരം കാണുന്നു. "മകനേ, സർവ്വോപരി നീ ദൈവത്തെ സ്നേഹിക്കുക, തന്റെ ഇഷ്ടം നിറവേറ്റുന്നതിന് അവിടുന്ന് നിനക്ക് കൃപാവരം നൽകട്ടെ."

അനുദിനം പല ദിവ്യബലികളിൽ ലൂയിസ് പങ്കെടുത്തിരുന്നു. ദിവ്യകാരുണ്യ സ്വീകരണശേഷം ദീർഘനേരം മുട്ടിന്മേൽനിന്നു കൃതജ്ഞത പ്രകാശിപ്പിച്ചിരുന്നു. രാത്രിയിലും ദിവ്യകാരുണ്യ സന്നിധിയിൽ വളരെ സമയം പ്രാർത്ഥനാനിരതനായി കഴിഞ്ഞുകൂടി.

ഈശോയോടുബന്ധപ്പെട്ട വിശുദ്ധനാടുകൾ മതവിദ്വേഷികളിൽ നിന്നു തിരിച്ചുപിടിക്കുവാൻ അക്ഷീണയത്നം നടത്തി. വധഭീഷണിയുണ്ടായിട്ടും സമരരംഗത്തിറങ്ങി. കരസ്തമാക്കിയ കർത്താവിന്റെ മുൾമുടി സംരക്ഷിക്കുവാൻ പാരീസിൽ ഒരു പള്ളി നിർമ്മിച്ചു. സാരസന്മാർക്കെതിരായി അടരാടി. പകർച്ചവ്യാധിമൂലം സൈന്യബലം കുറയുകയും ലൂയിസ് ബന്ധനസ്ഥനാകുകയും ചെയ്തു.

മാസങ്ങളോളം കാരാഗൃഹത്തിൽ കഴിഞ്ഞു കൂടി. വ്യവസ്ഥയിൽ കീഴ്മോചനം

*തുടർച്ച... പേജ് 8*

# നാരങ്ങ മിഠായി

ചേച്ചി... എനിക്ക് ഒരു നാരങ്ങാ മിഠായി കൂടി തായോ...

ഇല്ലില്ല... നീ രണ്ടെണ്ണം തിന്നല്ലോ... അതുമതി.. കൊതിക്കു പതം...

ചേച്ചീ... പ്ലീസ്, ഞാൻ ചക്കര ഉമ്മ തരാം...

അയ്യോടാ... തൽക്കാലം വേണ്ട... കൊതി നിയന്ത്രിക്ക്... പാപം ചെയ്യാതിരിക്കാനുള്ള പരിശ്രമം ആകട്ടെ...

മനോഹരമായ നുണക്കുഴികൾ വിടർത്തി ഒരു ചെറു ചിരിയോടെ അവൾ അകത്തേയ്ക്ക് നടന്നു. പുറകിൽ നിന്നും അപ്പോൾ അപ്പുവിന്റെ വക ഒരു ഐറ്റം ഡയലോഗും വന്നു... നശിച്ച ആദവും ഹവ്വയും... ഏതു നേരത്താണോ അവർക്ക് പഴം തിന്നാൻ തോന്നിയത്. പാപത്തിന്റെ പേരും പറഞ്ഞ് ബാക്കിയുള്ളവന് ഒരു മിഠായി പോലും തരില്ല...

അതു കേട്ടതും പണ്ടേ ജീസസ് യൂത്തായ ചേച്ചിയുടെ മനസ്സിൽ ലഡു പൊട്ടി. ഒരു ഉപദേശം കൊടുക്കാനുള്ള സ്കോപ്പ് കാണുന്നു. ഉപദേശം ചേച്ചിമാരുടെ അവകാശമായതുകൊണ്ട് ഒന്നുകൂടെ അപ്പുവിനെ ഉപദേശിച്ച് മാനസാന്തരപ്പെടുത്തിക്കളയാം എന്നവൾ തീരുമാനിച്ചു.

അപ്പൂ ഇങ്ങു വാ..., ഇനിയെങ്ങാനും ബിരിയാണി കൊടുക്കുന്നുണ്ടെങ്കിലോ എന്നോർത്ത് നല്ല ഒരു ചിരിയും മുഖത്ത് ഫിറ്റ് ചെയ്ത് അപ്പു ചെന്നു. മടിയിൽ ചാടിക്കയറി ഇരുന്നിട്ട് ഒരു ചക്കരയുമ്മ മുൻകൂറായി അങ്ങു കാച്ചി. എന്നിട്ട് പ്രതീക്ഷയോടെ ചേച്ചിയുടെ മുഖത്തേയ്ക്ക് നോക്കി.

അപ്പൂ... ചേച്ചി ഒരു കഥ പറയട്ടെ.. ?

ഓ... കഥയായിരുന്നോ...? പറ്റുന്നത്ര പ്രിങ്ങ്യാസം മുഖത്തു വരുത്തി അവൻ ചോദിച്ചു.

അപ്പൂ... നീ വിചാരിക്കുന്നതുപോലെ ആദവും ഹവ്വയും അത്ര ബുദ്ധിയില്ലാത്തവരൊന്നുമല്ല. ദൈവത്തെ സ്നേഹിക്കുന്ന രണ്ടു മനുഷ്യരായിരുന്നു.

അത്ര നല്ലവരായിരുന്നെങ്കിൽ പിന്നെന്തിനാ പഴം തിന്നത്..? ബാക്കിയുള്ളവന് പണിയുണ്ടാക്കാനാണോ..? നാരങ്ങാ മിഠായി കിട്ടാത്തതിന്റെ നിരാശ അവന്റെ ചോദ്യത്തിൽ മുഴച്ചു നിന്നു...

അപ്പൂ... ദൈവത്തെ സ്നേഹിക്കുകയും ദൈവത്തോടൊപ്പം നടക്കുകയും ദൈവത്തെ കാണുകയും ദൈവത്തിന്റെ സൗഹൃദം ആസ്വദിക്കുകയും ഒക്കെ ചെയ്ത രണ്ടുപേർ. അവരെ അത്ര എളുപ്പം പാപത്തിൽ വീഴ്ത്താൻ പറ്റില്ലെന്ന് സാത്താനുമറിയാം. അതുകൊണ്ട് അവൻ വളരെ തന്ത്രപൂർവ്വമാണ് അവരെ വീഴ്ത്തിയത്.

ഹവ്വയുടെ മുമ്പിൽ അവൻ തുറന്നു വച്ചത് ഒരു പക്ഷേ നന്മയുടെ കുറേ സാദ്ധ്യതകളാണെങ്കിലോ? ഈ പഴം കഴിച്ചാൽ നിങ്ങൾക്കും നന്മയും തിന്മയും തിരിച്ചറിയാം. അങ്ങനെ നന്മ തിരിച്ചറിഞ്ഞ് ദൈവത്തിന് ഇഷ്ടമുള്ള നന്മ മാത്രം പ്രവർത്തിച്ച് ദൈവത്തെ സന്തോഷിപ്പിക്കാം. അങ്ങിനെയൊക്കെ... ദൈവത്തെ എതിർക്കണമെന്നോ തിന്മ ചെയ്യണമെന്നോ ഒന്നും സാത്താൻ അവരോട് പറയുന്നില്ല. പകരം നന്മ എന്നു തോന്നുന്ന ഒരു വശത്തിലേയ്ക്ക് മാത്രം അവരുടെ ശ്രദ്ധയെ തിരിച്ചു.

തുടർച്ച... പേജ് 9

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

**110. യേശുക്രിസ്തു ലോകം മുഴുവന്റെയും കർത്താവായിരിക്കുന്നത് എന്തുകൊണ്ട് ?**

യേശുക്രിസ്തു ലോകത്തിന്റെ കർത്താവും ചരിത്രത്തിന്റെ കർത്താവുമാണ്. എന്തെന്നാൽ, എല്ലാം അവിടുത്തേയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്, എല്ലാ മനുഷ്യരെയും അവിടുന്നു വീണ്ടെടുത്തു. എല്ലാവരെയും അവിടുന്നു വിധിക്കുകയും ചെയ്യും. (668-674-680)

അവിടുന്ന് നമ്മുടെ മുകളിലാണ്, നാം ആരാധനയിൽ മുട്ടുകുത്തുന്നത് അവിടുത്തെ മുമ്പിൽ മാത്രമാണ്. അവിടുന്ന് നമ്മോടു കൂടെയാണ്, സഭയുടെ ശിരസ്സെന്ന നിലയിൽ. സഭയിൽ ദൈവരാജ്യം ഇപ്പോൾത്തന്നെ തുടങ്ങുന്നു. അവിടുന്ന് നമ്മുടെ മുമ്പിലാണ്, ചരിത്രത്തിന്റെ കർത്താവെന്ന നിലയിൽ. അവിടുന്നിൽ അന്ധകാരശക്തികൾ ആത്യന്തികമായി കീഴടക്കപ്പെടുകയും ലോകത്തിന്റെ ഭാഗധേയങ്ങൾ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് പൂർണ്ണതയിലെത്തിക്കുകയും ചെയ്തിരിക്കുന്നു. അവിടുന്ന് മഹത്ത്വത്തിൽ നമ്മെ കണ്ടുമുട്ടാൻ വരുന്നു. നമ്മൾ അറിയാത്ത ഒരു ദിവസമാണ് വരുന്നത്. ലോകം നവീകരിക്കാനും പൂർത്തിയാക്കാനുമാണത്. ദൈവവചനത്തിലും കൂദാശകളുടെ സ്വീകരണത്തിലും ദരിദ്രരെ സംരക്ഷിക്കുന്നതിലും "എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ സമ്മേളിക്കുന്നു" (മത്താ. 18:20). എവിടെയും നമുക്ക് അവിടുത്തെ സാന്നിദ്ധ്യം സവിശേഷമായി അനുഭവിക്കാം. (157, 163)

*വിശുദ്ധരുടെ ജീവിതങ്ങൾ തുടർച്ച... പേജ് 6*

അനുവദിച്ചെങ്കിലും അത് ക്രിസ്തുവിനെയും ക്രിസ്തുമതത്തെയും വഞ്ചിക്കുന്ന കെണിയായിരുന്നതിനാൽ ലൂയിസ് വഴങ്ങിയില്ല. ശത്രുക്കൾ വധഭീക്ഷണി മുഴക്കിയപ്പോൾ "എന്റെ ശരീരത്തെ നിങ്ങൾക്ക് വധിക്കാം, ആത്മാവിനെ ഹനിക്കുക വയ്യാ" എന്നായിരുന്നു ലൂയിസിന്റെ മറുപടി. ധീരമായ ഈ നിലപാടിൽ വ്യവസ്ഥാരഹിതമായി മോചനം നേടുകയും ക്രിസ്ത്യാനികൾക്കുവേണ്ടി നിരവധി ആനുകൂല്യങ്ങൾ നേടുകയും ചെയ്തു. ലൂയിസ് നാട്ടിലേക്ക് മടങ്ങി. ജനക്ഷേമം മുൻനിർത്തി ഭരിച്ചു. ആസ്പത്രികൾ സ്ഥാപിക്കുകയും കുഷ്ഠരോഗികളെപ്പോലും ശുശ്രൂഷിക്കുകയും ചെയ്തു വന്നു. അനുദിനം തന്നോടൊപ്പം ഭക്ഷണം കഴിക്കാൻ 13 ദരിദ്രരെ പ്രത്യേകം ക്ഷണിച്ചിരുന്നു. 1270-ൽ രണ്ടാം കുരിശുയുദ്ധം നയിച്ചു. യാത്രാമദ്ധ്യേ പകർച്ചവ്യാധി ബാധിച്ച സൈനികരെ ശുശ്രൂഷിച്ചു. താമസിയാതെ രോഗബാധിതനായ ലൂയിസ് ആഗസ്റ്റ് 25-ാംതീയ്യതി 44-ാമത്തെ വയസ്സിൽ പരലോകപ്രാപ്തനായി. 1297-ൽ എട്ടാം ബോനിഫസ് മാർപ്പാപ്പാ ലൂയിസ്സിനെ വിശുദ്ധനായി പ്രഖ്യാപിച്ചു. മൂന്നാം സഭയുടെ മദ്ധ്യസ്ഥനാക്കി.

ജീവിത കർത്തവ്യങ്ങൾ വിശ്വസ്തസയോടും കൂടി നിർവ്വഹിക്കാനും ജനക്ഷേമത്തിനു വേണ്ടി നിസ്തുലം പരിശ്രമിക്കാനും ദിവ്യകാരുണ്യഭക്തി സഹായിക്കുമെന്ന് ലൂയിസിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

## ഹൃദ്യസ്ഥമാക്കാൻ ഒരു വചനം

**"വിലപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ആശ്വസിപ്പിക്കപ്പെടും."**

**(മത്തായി 5:4)**

അതിലൂടെ വരുന്ന അനുസരണക്കേട് എന്ന തിന്മയെ സൗകര്യപൂർവ്വം മറച്ചുവച്ചു. ആ ഒരു നിമിഷം ദൈവത്തോട് ആലോചന ചോദിക്കുവാനോ പിശാചിന്റെ തന്ത്രം മനസ്സിലാക്കുവാനോ പാവം ഹവ്വയ്ക്കു കഴിഞ്ഞില്ല.

ഉം.. ശരിയാ... നാരങ്ങാ മിഠായി അവന്റെ മനസ്സിൽ നിന്നും പതിയെ മാഞ്ഞു തുടങ്ങിയിരുന്നു. നന്മയുടെ പുറംചട്ടയണിഞ്ഞ തിന്മ...

ഉം... മനസ്സിലായി.. എന്റെ ബർത്തഡേയ്ക്ക് ചേച്ചി തന്ന സമ്മാനം പലെ... അടിപൊളി കവർ... തുറന്നപ്പോൾ അതിനകത്ത് ഒരു പൂവും ഒരു കാർഡും ഒരു കൊന്തയും.. ഹും...

പോടാ കള്ളാ... അതിന്റെ മൂല്യം നിനക്ക് പിന്നീടു മനസ്സിലാകും... നമ്മുടെ മുമ്പിലും ഇതുപോലെ പലതും വരും. ഒറ്റ നോട്ടത്തിൽ നന്മയെന്നു തോന്നുന്ന തിന്മകൾ. സാമുവൽ പ്രവാചകന്റെ പുസ്തകത്തിൽ നാം ഇത് കാണുന്നുണ്ട്. ഫിലിസ്ത്യർ യുദ്ധം ചെയ്യാൻ വരുമ്പോൾ സാമുവലിനെ കാത്തുനിൽക്കാതെ സാവൂൾ ദൈവത്തിന് ബലിയർപ്പിച്ചു. ജനം തന്നെ വിട്ടുപിരിഞ്ഞു പോവാതിരിക്കാനും യുദ്ധം അടുത്തതുകൊണ്ടുമാണ് സാവൂൾ അങ്ങിനെ ചെയ്തത്. എന്നാൽ സാമുവൽ പറഞ്ഞു. നീ വിഢിത്തമാണ് ചെയ്തത്. നിന്റെ ദൈവമായ കർത്താവിന്റെ കൽപ്പന നീ അനുസരിച്ചില്ല. അനുസരിച്ചിരുന്നെങ്കിൽ, അവിടുന്ന് നിന്റെ രാജത്വം ഇസ്രായേലിൽ എന്നേക്കുമായി സ്ഥിരപ്പെടുത്തുമായിരുന്നു. എന്നാൽ നിന്റെ ഭരണം ഇനി ദീർഘിക്കുകയില്ല. കർത്താവിന്റെ കൽപ്പനകൾ നീ അനുസരിക്കായ്കയാൽ, തന്റെ ഹിതാനുവർത്തിയായ ഒരാളെ അവിടുന്ന് തിരഞ്ഞെടുത്തിട്ടുണ്ട്. ജനത്തിന് രാജാവായി അവിടുന്ന് അവനെ നിയോഗിച്ചു കഴിഞ്ഞു. ( 1 സാമുവൽ 13:13-14)

ഓർക്കുക, നിസാരമെന്നു തോന്നുന്ന, ചിന്തയില്ലാത്ത ഒരു പ്രവൃത്തിയിലൂടെ, സ്വന്തം മനസ്സിന് നന്മയെന്നു തോന്നിയത് സ്ഥാപിക്കാനുള്ള വ്യഗ്രതയിൽ അനുസരണക്കേടിലൂടെ സാവൂളിന്റെ അഭിഷേകവും രാജത്വവും നഷ്ടമായി. നല്ല മനസ്സോടെ, ദൈവത്തിന് പ്രതീകമായിരിക്കും എന്നു വിചാരിച്ചു, മനുഷ്യമനസ്സിന് നന്മയും ഉചിതവുമായി തോന്നിയ ഒരു പ്രവൃത്തി, ദൈവീകമായ സംവിധാനങ്ങളോടുള്ള അനുസരണം, വിധേയത്വം എന്നീ പുണ്യങ്ങൾക്ക് എതിരായിരുന്നു എന്നു മനസ്സിലാക്കാൻ അവനു കഴിഞ്ഞില്ല. ഇതുപോലെ നമ്മുടെ ജീവിതത്തിലും സംഭവിക്കാം...!

വിശുദ്ധ ഫൗസ്റ്റീനയുടെ ജീവിതത്തിലും നമ്മൾ ഇതുപോലെ ഒരു സംഭവം കാണുന്നുണ്ട്. കോൺഗ്രിഗേഷൻ ഓഫ് ദി സിസ്റ്റേഴ്സ് ഓഫ് അവർ ലേഡി ഓഫ് മേഴ്സി സഭാ സമൂഹത്തിൽ ചേർന്നതിനു ശേഷം മറ്റൊരു കോൺഗ്രിഗേഷനിലേയ്ക്ക് മാറാൻ വിശുദ്ധയ്ക്ക് അതിയായ ആഗ്രഹം തോന്നി. കൂടുതൽ പ്രാർത്ഥിക്കുവാനുള്ള അവസരം ലഭിക്കുന്നതിനും കൂടുതൽ പ്രായശ്ചിത്വത്തിൽ അധിഷ്ഠിതമായ ജീവിത ശൈലി പിൻതുടരുവാനും ഒരു പുണ്യവതി ആകുവാനും ഈശോയെ കൂടുതൽ സ്നേഹിക്കുവാനും ഒക്കെയുള്ള ആഗ്രഹത്താലായിരുന്നു അത്. ഈ ആഗ്രഹം ശക്തമായപ്പോൾ ഒരു ദിവസം രാത്രി എല്ലാവരും ഉറങ്ങിയതിനു ശേഷം വിശുദ്ധ ഫൗസ്റ്റീന നിലത്തു കമിഴ്ന്നു കിടന്ന് എളിമപ്പെട്ട് ഈശോയുടെ ഹിതമറിയാൻ പ്രാർത്ഥിച്ചു. അപ്പോൾ ഈശോയുടെ ഹിതമറിയാൻ പ്രാർത്ഥിച്ചു. അപ്പോൾ ഈശോ ദേഹമാസകലം രക്തം ഒലിക്കുന്ന മുറിവുകളും തകർക്കപ്പെട്ട മുഖവുമായി പ്രത്യക്ഷനായി ഈ പ്രലോഭനത്തിൽ നിന്നും പിന്മാറാൻ വിശുദ്ധയോട് ആവശ്യപ്പെട്ടു. വിശുദ്ധ ഫൗസ്റ്റീനയുടെ ഈ ചിന്തയെ ഈശോ വിളിച്ചത് പ്രലോഭനം

തുടർച്ച... പേജ് 10

## പ്രളയ ദുരന്തത്തിലൂടെ കടന്നുപോകുന്ന കേരള ജനതക്ക് ഫ്രാൻസിസ് പാപ്പയുടെ സാന്ത്വനം.

ദുരിതത്തെ നേരിടാൻ മുമ്പിൽ നിൽക്കുന്ന കേരളത്തിലെ സഭയോടൊപ്പം താനുമുണ്ടെന്ന് അറിയിച്ച പാപ്പ, കേരളത്തെ സഹായിക്കാൻ അന്താരാഷ്ട്ര സമൂഹത്തോട് ആഹ്വാനം ചെയ്യുകയും ചെയ്തു. വത്തിക്കാനിൽ നടന്ന ത്രികാല പ്രാർത്ഥനയ്ക്കിടെയാണ് ഏറെ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കേരളത്തിലെ ജനങ്ങൾക്ക് പാപ്പ പിന്തുണ അറിയിച്ചത്.

ദുരന്തങ്ങൾക്കു മധ്യേ വേദനിക്കുന്ന കേരളമക്കളെ മുൻനിരയിൽനിന്നു സഹായിക്കുന്ന സർക്കാരിന്റെയും പ്രാദേശിക സഭയുടെയും സന്നദ്ധസംഘടകളുടെയുംകൂടെ താനുമുണ്ട്. മരണമടഞ്ഞവരുടെ ആത്മശാന്തിക്കായും, ഈ കെടുതിയിൽ വേദനിക്കുന്ന സകലർക്കു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുന്നു എന്ന വാക്കുകളോടെയാണ് പാപ്പ വാക്കുകൾ ചുരുക്കിയത്. രണ്ടു നിമിഷം എല്ലാവരും പാപ്പായ്ക്കൊപ്പം നമ്രശിരസ്ക്കരായി നിന്നു പ്രാർത്ഥിച്ചു. തുടർന്ന് നന്മനിറഞ്ഞ മറിയമേ, എന്ന പ്രാർത്ഥന പാപ്പാ തുടങ്ങിയപ്പോൾ ചത്വരത്തിൽ സമ്മേളിച്ച ആയിരങ്ങൾ അതേറ്റുചൊല്ലി കേരളത്തിലെ ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. പാപ്പയുടെ സന്ദേശത്തിന്റെ സമയത്ത് കേരളത്തിന്റെ കെടുതി വിവരിക്കുന്ന ബാനറുമായി നിരവധി വിശ്വാസികൾ വത്തിക്കാനിൽ ഉണ്ടായിരുന്നുവെന്നത് ശ്രദ്ധേയമാണ്.

*നുറുങ്ങു ചിന്ത... തുടർച്ച* *പേജ് 9*

എന്നാണ്. ദൈവം ആഗ്രഹിക്കാത്തതും ദൈവഹിതമല്ലാത്തതുമായ നന്മയെന്നു തോന്നിക്കുന്ന കാര്യങ്ങളെ കുറിച്ച് നാം ജാഗരൂകരായിരിക്കണം. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥവും സൗഹൃദവും ഇത്തരം സന്ദർഭങ്ങളിൽ നമ്മെ ഒത്തിരി സഹായിക്കാൻ കഴിയും. എന്റെ അമ്മേ, എന്നെ സഹായിക്കണമേ എന്നുള്ള ഒറ്റ വിളി മതി...

ഇത്രയും പറഞ്ഞിട്ട് അവൾ അപ്പുവിന്റെ മുഖത്തേയ്ക്ക് പാളി ഒന്നു നോക്കി. ചെക്കൻ നിലാവത്ത് അഴിച്ചു വിട്ട കോഴിയെപ്പോലെ ഇരിക്കുന്നു.

അപ്പൂ... നിനക്കു വല്ലതും മനസ്സിലായോ... പറഞ്ഞേ.. കേക്കട്ടെ...?

എന്തും കേൾക്കാനുള്ള മനശക്തി അവൾ മുഖത്തേയ്ക്ക് ആവഹിച്ചു.

ഓ... അതായത്... അപ്പു ഞെരങ്ങി... അതായത്?

നന്മയെന്നു തോന്നുന്ന ചില പ്രവൃത്തികൾ തിന്മ ആകാമെന്നും, ഈശോയുടെ ഹിതമറിയാൻ എളിമയോടെ പ്രാർത്ഥിക്കണം, പരിശുദ്ധ അമ്മയുടെ സഹായം തേടണമെന്നും, അനുസരണവും ദൈവീക സംവിധാനങ്ങളോട് വിധേയത്വവും വേണം എന്നും മനസ്സിലായി... അപ്പു ഒറ്റ ശ്വാസത്തിൽ പറഞ്ഞു നിർത്തി....

ജീവിതത്തിൽ ആദ്യമായി ഒരു കാര്യം ചെക്കൻ വെടിപ്പോടെ പറഞ്ഞപ്പോൾ അവളുടെ കണ്ണു നിറഞ്ഞുപോയി... എന്നാ ഇനി ചേച്ചിയ്ക്കൊരു ചക്കരയുമ്മ പോരട്ടെ...

ഉമ്മ തരാനെന്നുള്ള വ്യാജേന തിരിഞ്ഞ് അവളുടെ കവിളിൽ ഒരു ചെറിയ കടി വച്ചു കൊടുത്തിട്ട് അപ്പു ഇറങ്ങി ഓടിയപ്പോൾ... മനസ്സു നിറഞ്ഞുള്ള അവളുടെ ചിരി നിലയ്ക്കുന്നുണ്ടായിരുന്നില്ല...

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm
(children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am,
12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am,
12 noon & 7:00 pm

## ദിവ്യബലി സമയം - മലയാളം

സെന്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്

ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്

നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്

മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കോർഡിനേറ്റേഴ്സ്

ഫാമിലി - ബെന്നി ആലഞ്ചേരി - 05 690 2721

ഫോർമേഷൻ -റോജി 055 6519401

*(LSS, Philip Course & Paul Course)*

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മദ്ധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മദ്ധ്യസ്ഥപ്രാർത്ഥന:**
എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)

## അറിയിപ്പുകൾ

### *സെപ്തംബർ ആദ്യ വ്യാഴായ്ച മലയാളം വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.*

ദുബായ് സെന്റ് മേരീസ് കത്തോലിക്കാ ദേവാലയത്തിൽ സെപ്തംബർ 6-2018 വ്യാഴായ്ച കൊങ്ങിണി കമ്മ്യൂണിറ്റിയുടെ ആഭിമുഖ്യത്തിൽ പരിശുദ്ധ കന്യകാ മറിയത്തിന്റെ തിരുനാൾ ആഘോഷം ഉള്ളതിനാൽ അന്നേദിവസം മലയാളം വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല. പകരം രണ്ടാം വ്യാഴായ്ച 13-09-2018ന് 8.00 മണിക്ക് മെയിൻ ഹാളിൽ വച്ച് മലയാളത്തിലുള്ള വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതാണ്.

# PRAY FOR KERALA

നഷ്ടങ്ങളൊക്കെയും
അനേകരുടെ വീണ്ടെടുപ്പിന്റെ വഴികളാക്കാം...
തുറന്നുവിടാം ഉള്ളിൽ അണകെട്ടി നിറുത്തിയ
നന്മയുടെ പ്രവാഹത്തെ...
തിരികെ നടക്കാം നമുക്കൊന്നായ്...
ആ നല്ല സമറായന്റെ വഴിയിലേയ്ക്ക്...



FOR PRIVATE CIRCULATION (WITH IN CHURCH COMPOUND) ONLY

Jesus Youth
DUBAI

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Joby Joseph for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Anil V.Antony
**Editor** : Jobin Augustine **Cover** : Rinto Varghese
**E-mail** : info@thoolikaa.net **Web** : http://thoolikaa.net